**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

11.02.2016 -ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ : **1194**

# തെൻമല ഡാം സൈറ്റിൽ നിന്ന് ഒഴിപ്പിച്ചവർക്ക് പട്ടയം

**ചോദ്യം**

ശ്രീ.കെ.രാജു

**മറുപടി**

ശ്രീ. അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

(എ) പുനലൂർ താലൂക്കിൽ തിങ്കൾകരിക്കം വില്ലേജിൽ ഉൾപ്പെട്ട തെൻമല ഡാം സൈറ്റിൽ നിന്ന് ഒഴിപ്പിച്ച് സർക്കാർ പുനരധിവസിപ്പിച്ചിട്ടുള്ള കുടുംബങ്ങൾക്ക്കൈവശ വസ്തുവിന് പട്ടയം നൽകുന്ന നടപടികൾ എന്ന് പൂർത്തീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് പട്ടയം നൽകാൻ തീരുമാനം എടുത്തിട്ടും നടപടികളിൽ ഉണ്ടായിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) & (ബി) തെന്മല ഡാമിന്റെ വൃഷ്ടി പ്രദേശങ്ങളിൽ താമസിച്ചിരുന്ന കുടുംബങ്ങളെ കല്ലട ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി ഒഴിപ്പിച്ച് തിങ്കൾകരിയ്ക്കം വില്ലേജിൽ വനഭൂമിയിൽപ്പെട്ട സാംനഗർ കോളനി യിൽ പുനരധിവസിപ്പിച്ചിരുന്നു. ടി സ്ഥലത്ത് പുനരധിവസിപ്പിച്ചിരുന്ന 405 കുടുംബങ്ങളിൽ 388 കുടുംബങ്ങൾക്ക് കൈവശരേഖ നൽകിയിട്ടുണ്ട്. കേന്ദ്ര വന സംരക്ഷണ നിയമം 1980 പ്രകാരം വനഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് കേന്ദ്ര അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ച ശുപാർശ മുൻകൂർ അനുമതിയില്ലാതെ കുടിയേറ്റി പ്പാർപ്പിച്ചു എന്ന കാരണത്താൽ നിരസിക്കുകയുണ്ടായി. പട്ടയം നൽകുന്ന തിലേയ്ക്കായി നൽകിയ പ്രൊപ്പോസൽ പരിഗണിക്കവേ പ്രസ്തുത ഭൂമിയുടെ നെറ്റ് പ്രസന്റ് വാല്യൂവും (NPV) അഡീഷണൽ നെറ്റ് പ്രസന്റ് വാല്യൂവും ഉൾക്കൊള്ളിച്ചുള്ള ഒരു എഗ്രിമെന്റ് സമർപ്പിക്കാൻ യൂസർ ഏജൻസിയായ റവന്യൂ വകുപ്പിനോട് പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിർദ്ദേശിക്കുകയുണ്ടായി.

വനഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച് 17.09.2003-ലെ വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നോട്ടിഫിക്കേഷനിൽ

| | | |
|---|---|---|
| | | (ഫോറസ്റ്റ് കൺസർവേഷൻ ആക്റ്റ്) കാണുന്ന നിർദ്ദേശങ്ങൾ പ്രകാരം നെറ്റ് പ്രസന്റ് വാല്യൂ ഭൂമിയുടെ വിസ്തൃതിയ്ക്കനുസൃതമായും മറ്റും ഹെക്ടറിന് 5.80 ലക്ഷം മുതൽ 9.20 ലക്ഷം വരെ, പട്ടയം നൽകുന്നതിന്, റവന്യൂ വകുപ്പിൽ നിന്നും ഈടാക്കാവുന്നതാണ്. ഇതിന് പുറമേ പരിഹാര വനവൽക്കരണത്തിന് ആനുപാതികമായ രണ്ടിരട്ടി ഭൂമിയും വനവൽക്കരണത്തിനുള്ള തുകയും വനം വകുപ്പിന് ലഭ്യമാക്കേണ്ടതുണ്ട്. പരിഹാര വനവൽക്കരണത്തിനായി 120 മുതൽ 180 ഏക്കർ ഭൂമി വരെ ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ വനം വകുപ്പിന് കൈമാറുന്നതിനായി കണ്ടെത്താൻ ഇടുക്കി ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി നടപടിക്രമങ്ങൾ പൂർത്തീകരിച്ചാൽ മാത്രമേ പട്ടയം നൽകുവാൻ സാധിക്കുകയുള്ളൂ. |
| (സി) | പകരം ഭൂമി റവന്യൂ വകുപ്പിൽ നിന്നും വനം വകുപ്പിന് നൽകുന്നതിനുള്ള നടപടികൾ എന്തായി എന്ന് വിശദീകരിക്കുമോ? | (സി) റവന്യൂ വകുപ്പിൽ നിന്നും വനം വകുപ്പിന് പരിഹാര വനവത്കരണത്തിന്റെ ഭാഗമായി ലഭ്യമാക്കേണ്ട 120 മുതൽ 180 ഏക്കർ വരെ ഭൂമി ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ കണ്ടെത്തുന്നതിന് ഇടുക്കി ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**